# അക്കാദമിക മാസ്റ്റർ പ്ലാൻ


## കന്തൽ എ.എൽ.പി സ്കൂൾ

പി.ഒ. ബാഡൂർ, വഴി കുമ്പള,

കാസർഗോഡ് 671321

മഞ്ചേശ്വരം ഉപജില്ല

*email: 11228kandal@gmail.com*

***website: www.11228alpskandal.blogspot.in***




# താളുകൾ മറിക്കുമ്പോൾ


| | | |
|---|---|---|
| 1. | ആമുഖം | 3-4 |
| 2. | കാഴ്ചപ്പാട് | 5 |
| 3. | പൊതുലക്ഷ്യങ്ങൾ | 6-7 |
| 4. | അക്കാദമികപ്രവർത്തനങ്ങൾ | 8-20 |
| 5. | ഉപസംഹാരം | 21 |

# ആമുഖം

കാസർകോട് ജില്ലയിൽ പുത്തിഗെ പഞ്ചായത്തിലെ കന്തൽ എന്ന കൊച്ചു പ്രദേശത്ത് 1947ലാണ് കന്തൽ എയ്ഡഡ് എൽപി സ്കൂൾ ആരംഭിച്ചത്. ശ്രീ. കോടി കുഞ്ഞാലി സാഹിബാണ് ഈ വിദ്യാലയത്തിന്റെ സ്ഥാപക മാനേജർ. അദ്ദേഹത്തിനുശേഷം മകൻ ശ്രീ. കെ. കെ അബ്ദുൽ റഹ്മാൻ 40 കൊല്ലത്തോളം മാനേജരായി പ്രവർത്തിച്ചു. ശ്രീ. ടി.എം ഹമീദലി കന്തൽ  അവർകളാണ് ഇപ്പോഴത്തെ സ്കൂൾ മാനേജർ. സാമ്പത്തികമായും വിദ്യാഭ്യാസപരമായും പിന്നാക്കം നിൽക്കുന്ന ഈ പ്രദേശത്ത് പ്രാഥമിക വിദ്യാഭ്യാസത്തിനും മാതൃഭാഷ പഠനത്തിനുമുള്ള ഏക ആശ്രയമാണ് കന്തൽ എഎൽപി സ്കൂൾ. 2007 ആഗസ്റ്റ് 17ന് സ്കൂളിന്റെ വജ്ര ജൂബിലി ആഘോഷവും പുതിയ കെട്ടിടോൽഘാടനവും ജനകീയ ആഘോഷമായി നടത്തുകയുണ്ടായി. 2011-12, 2014-15, 2015-16, വർഷങ്ങളിൽ പഞ്ചായത്ത് തല മികവ് പരിപാടിയിൽ ബെസ്റ്റ് സ്കൂൾ അവാർഡും ജില്ലാതല മികവിലേക്ക് തെരഞ്ഞെടുക്കപ്പെടുകയും ചെയ്തത് സ്കൂളിന് അഭിമാനാർഹമായ നിമിഷമായിരുന്നു. ഉപജില്ല കലാകായിക മേളകളിലും ശാസ്ത്രമേളകളിലും മികച്ച വിജയം നേടാൻ സ്കൂളിന് കഴിഞ്ഞിട്ടുണ്ട്. 2018 19 വർഷം അക്ഷരമുറ്റം ക്വിസ് മത്സരത്തിൽ ജില്ലാതലത്തിൽ ഒന്നാം സ്ഥാനം നേടി മുഹമ്മദ് ലുത്ത്ഫുൽ ഇഹ്സാൻ സംസ്ഥാന തല മത്സരത്തിൽ പങ്കെടുത്തത് നമ്മുടെ സ്കൂളിൻറെ അഭിമാന നേട്ടമാണ്.

2020-21 അഹ്ദിൽ ജമീൽ, മുഹമ്മദ് ഷിഹാൻ എന്നീ കുട്ടികൾ എൽഎസ്എസ് വിജയികളായി. കോവിഡ് കാലത്ത് ഓൺലൈൻ ക്ലാസുകൾക്കൊപ്പം ഗൃഹ സന്ദർശനം, ഓൺലൈൻ മത്സരങ്ങൾ, ഒ.എസ്.എസ്, കിറ്റ് വിതരണം, സാനിറ്റൈസർ, മാസ്ക് വിതരണം എന്നീ പ്രവർത്തനങ്ങൾ നടത്തി. ഈ കാലയളവിൽ തന്നെ മുഹമ്മദ് റിസ് വാൻ എൽഎസ്എസ് നേടിയതും കോവിഡ് കാലത്തെ പ്രവർത്തനങ്ങൾക്ക് തിളക്കം കൂട്ടുന്നു.

2021-22ൽ കോവിഡ് കാല പ്രവർത്തനങ്ങൾ പരിഗണിച്ച് കാസർകോട് റവന്യൂ ജില്ലാ സർട്ടിഫിക്കറ്റ് നമ്മുടെ വിദ്യാലയത്തിന് ലഭിച്ചു. 2023-24 അക്കാദമിക വർഷത്തെ -നാരങ്ങാ മിഠായി- എന്ന തനത് പ്രവർത്തനത്തിന് മഞ്ചേശ്വരം ഉപജില്ല ബെസ്റ്റ് ഇന്നോവേറ്റീവ് സ്കൂൾ സർട്ടിഫിക്കറ്റും 5001 രൂപ ക്യാഷ് പ്രൈസും ലഭിച്ച് നമ്മൾ മികവിലേക്ക് വീണ്ടും ഉയർന്നു. 2024-25 വർഷത്തെ ഉപജില്ല കലോത്സവത്തിൽ 61/65 പോയിന്റ് നേടി നാം മുന്നോട്ട് കുതിച്ചു. 2019-20 മുതൽ

മാനേജ്മെന്റ് കന്തൽ എജുക്കേഷൻ ഡെവലപ്മെന്റ് സൊസൈറ്റി ഏറ്റെടുത്തു. മികച്ച പിന്തുണയോടെ സ്കൂൾ പ്രവർത്തനങ്ങൾ മുന്നോട്ടു പോയിക്കൊണ്ടിരിക്കുന്നു.

99% കുട്ടികളും മുസ്ലിം മത വിഭാഗത്തിൽപ്പെട്ടവരാണ് മണിയംപാറ, പഞ്ചാനം, ദേറഡുക്ക തുടങ്ങിയ പ്രദേശങ്ങളിൽ നിന്നാണ് വാഹനത്തിൽ കൂടുതൽ കുട്ടികളും സ്കൂളിൽ എത്തിച്ചേരുന്നത്. രക്ഷിതാക്കളുടെ നിരക്ഷരതയും സാമൂഹ്യവും മതപരവുമായ വേലിക്കെട്ടുകളും വെല്ലുവിളികൾ ഉയർത്തുന്ന പ്രദേശമായതിനാൽ ലക്ഷ്യ പൂർത്തീകരണവും വലിയ വെല്ലുവിളിയാണ്.

ഗുണമേന്മ വിദ്യാഭ്യാസം ഉറപ്പാക്കി വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രം ആക്കി മാറ്റുക എന്ന പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ പരമപ്രധാന ലക്ഷ്യം സാക്ഷാത്ക്കരിക്കാൻ ഉതകുന്ന വ്യത്യസ്തമായ പ്രവർത്തനങ്ങളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്.

**നിലവിലെ കുട്ടികളുടെ സ്ഥിതി വിവര കണക്ക് 2025-26**

| കുട്ടികളുടെ എണ്ണം | | | |
|---|---|---|---|
| ക്ലാസ് | ആണ | പെണ്ണ് | ആകെ |
| 1 | 7 | 4 | 11 |
| 2 | 9 | 11 | 20 |
| 3 | 9 | 14 | 23 |
| 4 | 9 | 11 | 20 |
| ആകെ | 34 | 40 | 74 |

**അധ്യാപകർ**

| ക്രമനമ്പർ | പേര് | തസ്തിക |
|---|---|---|
| 1 | കെ.സി ഉണ്ണികൃഷ്ണൻ | എച്ച്.എം |
| 2 | വി. വനജ | എൽ.പി.എസ്.എ |
| 3 | റോബിൻരാജ്. ആർ | എൽ.പി.എസ്.എ |
| 4 | കെ കെ പി അബ്ദുല്ല | എഫ്.ടി.എ |
| 5 | ധന്യ പി.എൻ | എൽ.പി.എസ്.ടി |

# വിദ്യാലയം മികവിന്റെ കേന്ദ്രം കാഴ്ചപ്പാട്

വിദ്യാഭ്യാസ അവകാശ നിയമം അനുശാസിക്കുന്ന രീതിയിൽ സ്കൂൾ പരിസരത്തുള്ള എല്ലാ കുട്ടികളെയും സ്കൂളിലെത്തിച്ച് വിദ്യാഭ്യാസ ഗുണത, തുല്യത എന്നിവ അവരിൽ സന്നിവേശിപ്പിക്ക തരത്തിലുള്ള പ്രവർത്തനങ്ങൾ നിറഞ്ഞുനിൽക്കുന്ന ഒരു മാതൃകാ വിദ്യാലയം ആക്കി മാറ്റുക എന്നതാണ് നമ്മുടെ ആത്യന്തിക കാഴ്ചപ്പാട്.

- ഭരണഘടനാ മൂല്യങ്ങൾ ഉൾക്കൊണ്ട് പ്രവർത്തിക്കുന്ന ഒരു സമൂഹസൃഷ്ടിക്ക് ഉതകും വിധം എല്ലാ കുട്ടികൾക്കും വൈവിധ്യമാർന്ന അനുഭവം ഒരുക്കാൻ കഴിയുക.
- കേരളത്തിന്റെ സാംസ്കാരിക പാരമ്പര്യവും പൈതൃകവും മതേതരത്വവും കാത്തുസൂക്ഷിക്കാനുള്ള അനുഭവങ്ങൾ ഒരുക്കുക.
- ഒന്നു മുതൽ നാലു വരെ ക്ലാസിലെ കുട്ടികളുടെ സമഗ്രവികസനം ലക്ഷ്യമാക്കി പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ കഴിയും വിധം സമൂഹത്തിലെ വിവിധ ഘടകങ്ങളെ ഏകോപിക്കുക.
- ആധുനിക സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി അധ്യയനം ഉറപ്പിക്കൽ.
- പഠനവും ബോധനവും ആഹ്ളാദകരമായ അനുഭവമാക്കി മാറ്റുക.
- കുട്ടികളുടെ പഠനവേഗത, പഠനശൈലി എന്നിവ പരിഗണിക്കുന്ന പഠനപ്രക്രിയ സാധ്യമാക്കുക.
- സമ്പൂർണ്ണ ശുചിത്വം, പ്ലാസ്റ്റിക്, കീടനാശിനി, ലഹരിമുക്ത ക്യാമ്പസ് സൃഷ്ടിക്കുക.
- പ്രകൃതി തന്നെപാഠ പുസ്തകം എന്ന ദർശനം ഉൾക്കൊണ്ട് ജൈവവൈവിധ്യ പാർക്ക് ഒരുക്കൽ.
- കുട്ടികളുടെ അവകാശങ്ങളും വിദ്യാഭ്യാസ അവകാശ നിയമവും നടപ്പിലാക്കിക്കൊണ്ട് ശിശു സൗഹൃദ വിദ്യാലയം യാഥാർത്ഥ്യമാക്കൽ.
- രക്ഷാകർതൃ ബോധവൽക്കരണത്തിലൂടെ രക്ഷിതാക്കളുടെ പിന്തുണ ശക്തിപ്പെടുത്തൽ.
- ആരോഗ്യ ശീലങ്ങളും ആഹാരശീലങ്ങളും നല്ല ആരോഗ്യത്തിന് എന്ന ചിന്ത പ്രയോഗത്തിൽ എത്തിക്കാനുള്ള പ്രവർത്തനങ്ങൾ ഒരുക്കുക.

# പൊതു ലക്ഷ്യങ്ങൾ

ഓരോ കുട്ടിയുടെയും ധാരണകളും, നൈപുണികളും, ശേഷികളും മനോഭാവവും, മൂല്യങ്ങളും വർദ്ധിപ്പിക്കുന്നതിനും അതുവഴി മികവിന്റെ കേന്ദ്രങ്ങളായി പൊതുവിദ്യാലയങ്ങളെ വളർത്തുന്നതിനും ലക്ഷ്യം വെച്ചുകൊണ്ടാണ് പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം ആരംഭിച്ചിട്ടുള്ളത്. അറിവിനെ സ്കൂളിനു പുറത്തുള്ള ജീവിതവുമായി ബന്ധപ്പെടുത്തുക, കാണാപ്പാഠ രീതി ഒഴിവാക്കുക, പാഠപുസ്തകങ്ങൾക്കപ്പുറത്തേക്ക് പഠനപ്രവർത്തനത്തെ വികസിപ്പിക്കുക, പഠനവും പരീക്ഷയും ഉദ്ഗ്രഥിക്കുക, നിരന്തര മൂല്യനിർണയത്തിന്റെയും വിലയിരുത്തലിന്റെയും സാധ്യത പ്രയോജനപ്പെടുത്തുക തുടങ്ങിയ ദേശീയ പാഠ്യപദ്ധതി ചട്ടക്കൂട് (2025) നിർദ്ദേശങ്ങളും, പ്രക്രിയ ബന്ധിതവും, പ്രവർത്തനാധിഷ്ഠിതവും, ശിശു കേന്ദ്രീകൃത പഠനവും, ഊന്നിപ്പറയുന്ന വിദ്യാഭ്യാസ അവകാശനിയമം (2009) മുന്നോട്ടുവെക്കുന്ന ആശയങ്ങളിലും ഊന്നിയാണ് ലക്ഷ്യങ്ങൾ നിർണയിച്ചിട്ടുള്ളത്.

- ഒന്നു മുതൽ നാലു വരെ ഓരോ ക്ലാസിലും കുട്ടി ആർജ്ജിക്കേണ്ട ശേഷികളും, ധാരണകളും,നൈപുണികളും ഓരോ കുട്ടിയുടെയും പരമാവധി കഴിവനുസരിച്ച് നേടിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്തൽ.
- എല്ലാ കുട്ടികൾക്കും എല്ലാ മേഖലകളിലും അനുഭവം ലഭിക്കുന്നതിനും സർഗപരമായ കഴിവുകൾ പ്രകടിപ്പിക്കുന്നതിനും അവസരം ഒരുക്കും.
- ഐടി സാധ്യതകൾ ഉൾപ്പെടെ ബഹുമുഖ പഠനതന്ത്രങ്ങൾ ഉപയോഗപ്പെടുത്തി പഠനം കാര്യക്ഷമമാക്കും.
- പഠന പിന്നോക്കാവസ്ഥ തുടക്കത്തിലെ കണ്ടെത്തി സഹായം ലഭ്യമാക്കും.
- പഠനം ആകർഷകവും സർഗാത്മകവും ആനന്ദകരവും ആകുന്ന തരത്തിൽ വിദ്യാലയത്തിന്റെ ഭൗതിക സാഹചര്യങ്ങൾ വികസിപ്പിക്കും.
- സ്കൂൾ ലൈബ്രറി, ലാബ് ഇവ മെച്ചപ്പെടുത്തി പഠനപ്രകിയയുടെ ഭാഗമാക്കും.
- ലഘു പഠനയാത്രകൾ, പഠനക്യാമ്പുകൾ, ശില്പശാലകൾ, വിധഗ്ധരുടെ ക്ലാസുകൾ തുടങ്ങിയ വൈവിധ്യമാർന്ന പഠനതന്ത്രങ്ങൾ പ്രയോജനപ്പെടുത്തും.
- മാലിന്യനിർമാർജ്ജനം ഒരു സംസ്കാരമായി രുപപ്പെടുത്തിയെടുക്കും

- ലഹരി വസ്തുക്കളുടെ ഉപയോഗം പുതിയ തലമുറയിൽ നിന്നും ഒഴിവാക്കുന്ന തരത്തിൽ ഇടപെടലുകൾ നടത്തും.
- പ്ലാസ്റ്റിക് മുക്ത - കീടനാശിനി മുക്ത - ലഹരി മുക്ത ക്യാമ്പസുകൾ സൃഷ്ടിക്കും.
- "ക്യാമ്പസ് എന്ന പാഠപുസ്തകം" എന്ന ആശയത്തെ ജനകീയമായി വികസിപ്പിച്ചെടുത്ത് "ജൈവവൈവിധ്യ ഉദ്യാനം" എന്ന ആശയം നടപ്പിലാക്കും.
- സ്കൂൾതലത്തിലുള്ള വിവിധ സഹായ സംവിധാനങ്ങളെ ഫലപ്രദമായി അക്കാദമികവും ഭൗതികവുമായ വളർച്ചക്ക് ഉതകുന്ന വിധം പ്രയോജനപ്പെടുത്തും.

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ (അക്ഷരലോകം) (മധ്യകാലം) | 1. പ്രീ ടെസ്റ്റ്<br>2. അക്ഷരം ഉറപ്പിക്കൽ<br>3. അടയാളം ഉറപ്പിക്കൽ<br>4. അക്ഷരക്കാർഡ് നൽകൽ<br>5. പദക്കാർഡ്<br>6. പദനിർമ്മാണം<br>7. വാക്യനിർമ്മാണം<br>8.ചിത്രം- അടിക്കുറിപ്പ്<br>9. ചിത്രം- കഥ പറയൽ<br>10. ചിത്രം- കഥയെഴുതൽ<br>11. കഥ- ബാക്കിയെഴുതൽ 12. കഥാപുസ്തക വിതരണം<br>13. C.D യിൽ ഒരു ചിത്രം കാണിച്ച് അതിനെ ആസ്പദമാക്കി വാക്യ രചന നിർവഹിക്കൽ<br>14. പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം ക്ലാസ് | 2025 ജൂൺ - ഫെബ്രുവരി | ബി. ആർ. സി, ഡയറ്റ്, പിടിഎ, ടീച്ചർ | |
| 2 | കുട്ടികളെ മികച്ച വായനക്കാരാക്കുക (വായനക്കൂട്ടം) (മധ്യകാലം) | 1.ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ<br>2. വായന മൂല, ക്ലാസ്സ് ലൈബ്രറി രുപീകരിക്കൽ<br>3. സ്കൂൾ ലൈബ്രറി നവീകരിക്കൽ | ആറുമാസം | ബി ആർ സി , ഡയറ്റ് , ലൈബ്രറി, പി.ടി.എ | |

| ക്രമ ന മ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 3 | കുട്ടികളെ മികച്ച എഴുത്തുകാരനാക്കുക (എഴുത്തുകൂട്ടം) (മധ്യകാലം) | 1.എഴുത്തുകൂട്ടം രൂ പീകരണം<br>2. പുസ്തക ചർച്ച<br>3.ക്ലാസ് ലൈബ്രറി<br>4.വായനക്കുറിപ്പ് പതിപ്പ്<br>5. സഞ്ചരിക്കുന്ന ആസ്വാദനക്കുറിപ്പ് പുസ്തകം<br>6. വിവിധ സാഹിത്യ ശാലകൾ പരിചയപ്പെടൽ<br>7. ഇൻലന്റ് മാഗസിൻ, ചുമർ പത്രിക പതിപ്പ് തയ്യാറാക്കൽ<br>8. സർഗ്ഗസൃഷ്ടിയുടെ പുസ്തകം തയ്യാറാക്കൽ<br>9. എഴുത്തുകൂട്ടം മോണിറ്ററിംഗ്<br>10. വായനാക്കുറിപ്പ് ആസ്വാദനക്കുറിപ്പ്<br>11. ബാലസഭ<br>12.പൊതുവേദികളിൽ സംസാരിക്കാനുള്ള കഴിവ്<br>13. വ്യക്തികത രചന<br>14. സംഘ രചന<br>15. ഭാഷാ പ്രൊജക്റ്റ്<br>16.സാഹിത്യകാരന്മാരുമായി സംവാദം<br>17. രചയിതാക്കളെ പരിചയപ്പെടൽ<br>18. സംയുക്ത ഡയറി | ആഗസ്റ്റ് – മാർച്ച് | ഡയറ്റ് എസ് ഇ ആർ ടി ബി ആർ സിപിടി എ | 5000 |

| | | | | | |
|---|---|---|---|---|---|
| | | 19. സർഗ്ഗാത്മക ഡയറി<br>20. പാട്ടരങ്ങ് | | | |
| ക്രമ ന മ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| 5 | ക്ലാസ് ലൈബ്രറിയുടെ നവീകരണം (ഹ്രസ്വകാലം) | ക്ലാസ് ടീച്ചറും കുട്ടികളും ജന്മദിനത്തിൽ ഒരു പുസ്തകം വീതം ക്ലാസ്സ് ലൈബ്രറിയിലേക്ക് സംഭാവന ചെയ്യുന്നു വീട്ടുകാരെയും പങ്കാളികളാക്കുന്നു | എല്ലാ ജന്മദിനങ്ങളിലും | ക്ലാസ് ടീച്ചർ<br>ക്ലാസ് ലീഡർ<br>ക്ലാസ് പി.ടി.എ | |
| 6 | സർഗാത്മക നാടക സംങ്കേതം പഠന പ്രവർത്തനങ്ങൾ (ഹ്രസ്വകാലം) | ഓരോ വിഷയവുമായി ബന്ധപ്പെട്ട പാഠഭാഗ ആശയങ്ങൾ കുട്ടികളിൽ എത്തിക്കാൻ ചെറു നാടകങ്ങൾ/ സ്കിറ്റ് അവതരണം | രണ്ട് മാസത്തിൽ ഒരിക്കൽ | പിടിഎ<br>ക്ലാസ് ടീച്ചർ | 10000 |
| 7 | അവതരണ മികവ് കൈവരിക്കൽ (കുട്ടിസ് റേഡിയോ) (മധ്യകാലം) | വിദ്യാലയത്തിൽ ക്രമീകരിച്ചിരിക്കുന്ന റേഡിയോ സ്റ്റുഡിയോയിൽ നിന്ന് എല്ലാ ക്ലാസിലും ക്രമീകരിച്ചിരിക്കുന്ന സ്പീക്കറുകളിലേക്ക് ഒഴിവുസമയത്ത് റേഡിയോ പ്രക്ഷേപണം കുട്ടികളുടെ വിവിധ പരിപാടികളുടെ അവതരണം | ആഴ്ചയിൽ മൂന്ന് ദിവസം | ക്ലാസ് ടീച്ചർ | |

| | | | | | |
|---|---|---|---|---|---|
| | | ഔദ്യോഗിക അറിയിപ്പുകൾ നൽകൽ | | | |
| 8 | (വായിക്കൂ സമ്മാനം നേടൂ) പൊതുവിജ്ഞാനത്തിലൂടെ കൂടുതൽ ഉയരങ്ങളിലേക്ക് | ഓരോ ദിവസവും പത്രവായനയിലൂടെ പത്രത്തിലെ പ്രധാന വാർത്തകൾ കണ്ടെത്തി ടീച്ചറുടെ സഹായത്തോടെ ചോദ്യങ്ങൾ തയ്യാറാക്കൽ, ഉത്തരം കണ്ടെത്തൽ. പിന്നീട് കുട്ടികൾ സ്വയം ചോദ്യങ്ങൾ കണ്ടെത്തി ഉത്തരങ്ങൾ നോട്ടുബുക്കുകളിൽ രേഖപ്പെടുത്തുന്നു. ഇതിനെ ആസ്പദമാക്കിയ രണ്ടാഴ്ചയിലൊരിക്കൽ ക്വിസ് മത്സരം നടത്തുന്നു വർഷാവസാനം മെഗാ ക്വിസ് മത്സരം നടത്തുന്നു | ഒരു വർഷം | ക്ലാസ് ടീച്ചർ | |
| 9 | എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷ ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനും ഉള്ള ശേഷി | 1.പ്രി-ടെസ്റ്റ്<br><br>2.പരിമിതികൾ പരിഹരിക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ പാക്കേജുകൾ തയ്യാറാക്കൽ | ആഗസ്റ്റ് ആദ്യ വാരം<br><br>ആഗസ്റ്റ് 18 | ടീച്ചേഴ്സ്<br><br>എസ് ആർ ജി | 8000 |

| | | | | | |
|---|---|---|---|---|---|
| | വികസിപ്പിക്കൽ (ദീർഘകാലം) | 3.എല്ലാ ബുധനാഴ്ചയും ഇംഗ്ലീഷ് ഡേ<br>4.ഇംഗ്ലീഷ് അസംബ്ലി<br>5.ഇംഗ്ലീഷ് ഭാഷയിലുള്ള ഡയറിക്കുറിപ്പ്<br>6.ഇംഗ്ലീഷ് ക്ലാസ് ലൈബ്രറി (വായന സാമഗ്രികൾ, ലഘു വായനപുസ്തകം, പത്രം)<br>7. സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ്<br>8.ഇംഗ്ലീഷ് ക്യാമ്പ്<br>9.അസംബ്ലിയിൽ ലഘു കഥ അവതരിപ്പിക്കൽ<br>10.ഇംഗ്ലീഷ് നാടകം അവതരിപ്പിക്കൽ<br>11.ഇംഗ്ലീഷ് കവിതയിലെ വരികൾ കുട്ടി കൂട്ടി ചേർക്കൽ<br>12.ചിത്രം നോക്കി കഥാരചന<br>13.ഇംഗ്ലീഷ് കഥ പൂർത്തിയാക്കൽ<br>14.വൺഡേ വൺ റൈം, സംഭാഷണം, വിവരണം, | ആഴ്ചയിൽ ഒരു ദിവസം<br><br>ആഴ്ചയിൽ രണ്ടുദിവസം<br><br>സെപ്റ്റംബർ ആദ്യവാരം മുതൽ<br><br>സെപ്റ്റംബർ മുതൽ മാസത്തിൽ ഒരിക്കൽ<br><br>ആഴ്ചയിൽ ഒരു ദിവസം<br><br>ആഴ്ചയിൽ മൂന്ന് ദിവസം<br>എല്ലാദിവസവും രാവിലെ 9.30 -10.00 | ടീച്ചേഴ്സ്<br><br>ടീച്ചേഴ്സ്<br><br>ആർ പി<br><br>പിടിഎ<br>ടീച്ചേഴ്സ് | |
| 10 | എല്ലാ കുട്ടികളും ഗണിത ശേഷി കൈവരിക്കൽ (മധ്യകാലം) | 1.പ്രി-ടെസ്റ്റ്<br>2.സംഖ്യകൾ ഉറപ്പിക്കൽ<br>3.സംഖ്യ ബോധം ഉണ്ടാക്കൽ<br>4.സ്ഥാന വില ഉറപ്പിക്കൽ | ജൂലൈ ആദ്യവാരം<br><br>ജൂലൈ ആഗസ്റ്റ് സെപ്റ്റംബർ | ടീച്ചേഴ്സ് | 5000 |

| | | | | | |
|---|---|---|---|---|---|
| | | 5.ആരോഹണം അവരോഹണം തിരിച്ചറിയൽ<br>6.സങ്കലനക്രിയകൾ പരിചയപ്പെടുത്തൽ<br>7.പ്രായോഗിക പ്രശ്നങ്ങളിലൂടെ ങ്കലനക്രിയകൾ ഉറപ്പിക്കൽ<br>8.വ്യവകലന ക്രിയകൾ പരിചയപ്പെടുത്തൽ<br>9.സംഖ്യ പാറ്റേണുകൾ ചിത്രപാറ്റേണുകൾ രൂപീകരിക്കൽ<br>10.മെട്രിക് മേള ഗണിത ക്യാമ്പ്<br>11.ചതുഷ് ക്രിയകൾ ധാരണ<br>12.ഗണിത മാഗസിൻ<br>13. ഗണിത കഥകൾ<br>14.ഗണിത പസിലുകൾ<br>15.ഗണിത പാട്ടുകൾ<br>16.ഗണിത കലകൾ<br>17.കലണ്ടർ മാജിക്<br>18.മാന്ത്രിക ചതുരം<br>19.ഗണിത ക്വിസ്<br>20.സംഖ്യാ മാല<br>21.കുസൃതി കണക്കുകൾ | ഒക്ടോബർ നവംബർ<br><br>ഫെബ്രുവരി | പിടിഎ<br><br>ബി.ആർ.സി ടീച്ചേഴ്സ് | |
| 11 | ഒറിഗാമി ശിൽപ്പശാല രസകരമായ ഗണിതശാസ്ത്ര പഠനവും കര ചലനശേഷികളുടെ വികാസവും (ഹ്രസ്വകാലം) | ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ. വിവിധ രൂപങ്ങൾ നിർമ്മിക്കൽ, അവയുടെ ഗണിത | വർഷത്തിലൊരു പ്രാവശ്യം | എസ് ആർ ജി | 1500 |

| | | | | | |
|---|---|---|---|---|---|
| | | സവിശേഷതകൾ പട്ടികപ്പെടുത്തൽ, പ്രദർശനം സംഘടിപ്പിക്കൽ | | | |
| 12 | ഗണിതം മധുരതരമാക്കൽ (ദീർഘകാലം) | ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയമുറ്റത്ത് പാർക്ക് സജ്ജമാക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | മാത്സ് ക്ലബ് പിടിഎ | 5000 |
| 13 | പ്രതിഭാ പോഷണ പരിപാടികൾ<br>എ) പ്രസംഗം (കുട്ടികളുടെ ആകാശവാണി) | -മികച്ച പ്രതിഭകളെ കണ്ടെത്തൽ<br>-ബാലസഭയിൽ പ്രസംഗിക്കാനുള്ള അവസരം നൽകൽ<br>-ദിനാചരണങ്ങളുടെ ഭാഗമായി ബന്ധപ്പെട്ട് പ്രസംഗം ക്ലാസ് തലത്തിൽ നൽകൽ<br>-അസംബ്ലിയിൽ പ്രസംഗം അവതരിപ്പിക്കൽ | | എസ് ആർ ജി ബി ആർ സി ടീച്ചേഴ്സ് | |
| | ബി) ചിത്രരചന | -മികച്ച പ്രതിഭകളെ കണ്ടെത്തൽ<br>-ക്ലാസ് തലമത്സരം<br>-ശില്പശാല<br>-ചിത്രരചന ക്യാമ്പ്<br>-മാഗസിൻ നിർമ്മാണം | | | |
| | സി) സംഗീതം | -ബാലസഭ<br>-കവിതാലാപന ക്യാമ്പ് | | എസ് ആർ ജി | |
| | ഡി) നാടക ശില്പശാല | -നാടക ശില്പശാല<br>-ക്യാമ്പ് | | | |
| | ഇ) നാടൻപാട്ട് ശില്പശാല | -നാടൻപാട്ട് പാടാനുള്ള അവസരം<br>-നാടൻപാട്ട് ശേഖരിക്കൽ | | | |

| | | | | | |
|---|---|---|---|---|---|
| | | -നാടൻപാട്ട് കേൾക്കാനുള്ള അവസരം<br>-ക്യാമ്പ് | | | |
| | എഫ്) കഥ പറയൽ | -ബാലസഭയിൽ കഥ പറയാൻ അവസരം<br>-അസംബ്ലിയിൽ കഥപറയൽ -കഥാ ക്യാമ്പ് | ആഴ്ചയിലൊരിക്കൽ | | |
| | ജി) കലാ മേള | സർഗ്ഗാത്മക ക്യാമ്പുകൾ | | | |
| 14 | കുട്ടികളുടെ പഠനം കൂടുതൽ മെച്ചപ്പെടുത്തൽ (മധ്യകാലം) | സി പി ടിഎ യിൽ കൃത്യമായ അജണ്ട വച്ച് പ്രതിമാസം ചേരൽ, പഠന പുരോഗതി പരിശോധിക്കൽ, മികവുകളുടെ അവതരണം,പൊതു ചർച്ച എന്നിവ | പ്രതിമാസ പരിപാടി | ക്ലാസ് ടീച്ചർ | |
| 15 | കായിക പരിശീലനം കാര്യക്ഷമമാക്കൽ (മദ്യകാലം) | രാവിലെയും വൈകുന്നേരവും കായിക പരിശീലനം. കുട്ടികൾക്ക് ലഘുഭക്ഷണം നൽകൽ | ആഴ്ചയിൽ മൂന്നുദിവസം | പി.ടി.എ ടീച്ചേഴ്സ് | 10000 |
| 16 | നാടൻ കളികളെ പരിചയപ്പെടുത്തൽ (ഹ്രസ്വകാലം) | നാടൻ കളികൾ കണ്ടെത്തി കുട്ടികൾക്ക് കളിക്കാനുള്ള അവസരം നൽകുന്നു | ആഴ്ചയിൽ ഒരു പീരിയഡ് | എസ്. ആർ. ജി ടീച്ചേഴ്സ് | |
| 17 | ആരോഗ്യമുള്ള സമൂഹത്തെ രൂപപ്പെടുത്തൽ (മധ്യകാലം) | -മെഡിക്കൽ ക്യാമ്പ് -വർഷത്തിൽ ഒരു പ്രാവശ്യം കുട്ടികൾക്കും രക്ഷിതാക്കൾക്കും സമഗ്രമായ വൈദ്യ പരിശോധന നടത്തൽ. ആരോഗ്യ | വർഷത്തിൽ ഒരു തവണ | ഹെൽത്ത് ക്ലബ് | |

| | | | | | |
|---|---|---|---|---|---|
| | | **ബോധവൽക്കരണ ക്ലാസുകൾ** | | | |
| **18** | **എ) കേരളീയരുടെ പ്രാചീന നാടൻ ഭക്ഷണങ്ങൾ പരിചയപ്പെടുത്തൽ (മധ്യകാലം)** | **കേരളത്തിൽ നിലവിലുണ്ടായിരുന്ന (നമ്മുടെ നാട്ടിൽ) പ്രാചീന പാനീയങ്ങൾ, പലഹാരങ്ങൾ, ആഹാരസാധനങ്ങൾ എന്നിവയുടെ പട്ടിക മുതിർന്നവരിൽ നിന്നും ചോദിച്ചറിയൽ ഓരോന്നും ഭാഗം ചെയ്യുന്ന വിധം അതിൽ ചേർക്കുന്ന വസ്തുക്കൾ എന്നിവ ഉൾപ്പെടുത്തി പതിപ്പ് തയ്യാറാക്കൽ** | **വർഷത്തിലൊരുതവണ** | **എസ് ആർ ജി പി ടി എ** | |
| | **ബി) ഫാസ്റ്റ്ഫുഡിന്റെ ഗുണദോഷങ്ങളെ കുറിച്ച് നിഗമനങ്ങൾ രൂപപ്പെടുത്തുന്നതിന്** | **കടകളിൽ നിന്നും വാങ്ങുന്നതും വീട്ടിൽ ഉണ്ടാക്കുന്നതുമായ വിവിധ ഫാസ്റ്റ് ഫുഡുകൾ പട്ടികപ്പെടുത്തുന്നു. ഓരോന്നിലും ചേർക്കുന്ന വസ്തുക്കൾ ഉൾപ്പെടുത്തി പതിപ്പ് തയ്യാറാക്കുന്നു.** | **വർഷത്തിൽ ഒരുതവണ** | **എസ് ആർ ജി** | **10000** |
| | **സി ) പഴയകാല ഭക്ഷ്യ വിഭവങ്ങൾ പരിചയപ്പെടുത്തുന്നതിന്** | **രക്ഷിതാക്കളെ ഉൾപ്പെടുത്തി പഴയകാല ഭക്ഷ്യവിഭാഗങ്ങൾ (ചക്ക, മാങ്ങ, ഇല** | **വർഷത്തിൽ ഒരു തവണ** | **എസ് ആർ ജി പി ടി.എ** | |

| | | | | | |
|---|---|---|---|---|---|
| | | **വർഗ്ഗങ്ങൾ മുതലായവ ) ഉണ്ടാക്കുന്ന പാചകമൽസരം** | | | |
| **19** | **ബാലസാഹിത്യ മാസികകളെ ഫലപ്രദമായി ഉപയോഗിക്കൽ ((ഹ്രസ്വകാലം)** | **വായിച്ചുകഴിഞ്ഞ ബാലസാഹിത്യ വാരികകളിലെയും മാസികകളിലെയും ചിത്രങ്ങൾ ഒരു പേപ്പറിന്റെ മുകൾ ഭാഗത്തായി ഒട്ടിക്കുന്നു ഇതിന് അനുയോജ്യമായ അടിക്കുറിപ്പ്, കവിത, കഥ, വിവരണം എന്നിവ ചേർത്തുള്ള പ്രവർത്തനം** | **മാസത്തിൽ രണ്ട് പ്രാവശ്യം** | **എസ് ആർ ജി** | |
| **20** | **ശാസ്ത്രം പ്രവർത്തനമാണ് എന്ന് മനസ്സിലാക്കുക (മധ്യകാലം)** | **സ്കൂൾ തല ശാസ്ത്ര മേളയിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കൽ, ഉപജില്ലാതലത്തിൽ പരമാവധി പങ്കാ ളിത്തം** | **വർഷത്തിൽ ഒരു തവണ** | **സയൻസ് ക്ലബ്ബ് എസ് ആർ ജി** | **5000** |
| **21** | **കുട്ടികളിൽ ശാസ്ത്ര അഭിരുചി വളർത്തി കുട്ടി ശാസ്ത്രജ്ഞന്മാരാ ക്കുക (മധ്യകാലം)** | **ശാസ്ത്രതത്വങ്ങൾ എളുപ്പം മനസ്സിലാക്കുവാൻ ഉപകരിക്കുന്ന രസകരമായ ലഘുപരീക്ഷണങ്ങ ൾ അധ്യാപകന്റെ സഹായത്തോടെ കുട്ടികൾ അവതരിപ്പിക്കുന്നു** | **മാസത്തിൽ ഒരു തവണ** | **സയൻസ് ക്ലബ്, എസ് ആർ ജി** | |

| | | | | | |
|---|---|---|---|---|---|
| 22 | ഇന്ത്യൻ സംസ്ഥാനങ്ങളും കേരള ജില്ലകളും പരിചയപ്പെടുത്തൽ (മധ്യകാലം) | ഇന്ത്യ-കേരള ഭൂപടങ്ങൾ ഭിത്തിയിൽ/ ഹീറ്റ്ലോണിൽ വലുതായി ചിത്രീകരിക്കുന്നു. ദിവസവും ദിനപത്രങ്ങൾ പരിശോധിച്ചു ഓരോ സംസ്ഥാനം, ജില്ല ഇവയുമായി ബന്ധപ്പെട്ട് വരുന്ന വാർത്തകൾ അതാത് സംസ്ഥാനം, ജില്ല ഇവയിൽ പിൻ ചെയ്തു വെക്കുന്നു മാസാവസാനം വാർത്തകൾ എടുത്ത് മാറ്റി വീണ്ടും പ്രവർത്തനം തുടരുന്നു.<br>-ചുമർപത്രിക നിർമ്മാണം | വർഷം മുഴുവൻ | എസ് ആർ ജി | |
| 23 | ഒന്നു മുതൽ നാലു വരെയുള്ള എല്ലാ കുട്ടികൾക്കും അറബി ഭാഷയിൽ എഴുതാനും വായിക്കാനും സംസാരിക്കാനും കഴിവുണ്ടാക്കുക (മധ്യകാലം) | -വായനാ കാർഡ് നിർമ്മാണം<br>-ചിത്ര മാസിക നിർമ്മാണം -അക്ഷരചിത്ര നിർമ്മാണം<br>-പദനിർമാണം<br>- അറബി ബാലസഭ<br>-അറബിക് അസംബ്ലി<br>-അറബിക് പരിപാടികൾ ആകാശവാണിയിലൂടെ അവതരിപ്പിക്കൽ<br>-ഡയറിയെഴുത്ത് | ആഴ്ചയിൽ ഒരിക്കൽ<br><br>മാസത്തിലൊരിക്കൽ | എസ് ആർ ജി അറബിക് ടീച്ചർ | |

| | | | | | |
|---|---|---|---|---|---|
| | | -ഡിഷ്ണറി നിർമ്മാണം<br>–ക്വിസ്<br>-ഇടെക്സ്റ്റ്<br>സംഭാഷണം<br>–ലാംഗ്വേജ് ഗെയിം | | | |
| 24 | രചനകൾ നവമാധ്യമങ്ങളിലൂടെ പ്രസിദ്ധീകരിക്കൽ (ഹ്രസ്വകാലം) | കുട്ടികളുടെ മികച്ച രചനകൾ സ്കൂൾ ബ്ലോഗിൽ ചേർക്കൽ | പ്രതിമാസ പരിപാടി | എസ് ആർ ജി | |
| 25 | പ്രത്യക്ഷ അനുഭവത്തിലൂടെ പാഠ്യവസ്തുതകൾ ഗ്രഹിക്കുന്നതിന് (മധ്യകാലം) | സാമൂഹ്യ ശാസ്ത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ, സ്മാരകങ്ങൾ തുടങ്ങിയ ഇടങ്ങളിലേക്ക് നടത്തുന്ന പഠനയാത്രകൾ | രണ്ടുമാസത്തിലൊരിക്കൽ | എസ് ആർ ജി | 10000 സ്പോൺസർഷിപ്പ് |
| 26 | കാർഷിക സംസ്കൃതിയെ വീണ്ടെടുക്കൽ (മദ്യകാലം) | വിദ്യാലയത്തിലെ സൗകര്യപ്രദമായ സ്ഥലത്ത് ആകർഷകമായ വിധത്തിൽ പച്ചക്കറിത്തോട്ടം ഉണ്ടാക്കൽ | ജൂൺ ജൂലൈ | എസ് ആർ ജി<br>എസ് എസ് ജി | 10000 കൃഷിവകുപ്പ് |
| 27 | പ്രകൃതിയെ അടുത്ത് അറിയാൻ അവസരം ഒരുക്കുക (മധ്യകാലം) | സ്കൂളിൽ സൗകര്യപ്രദമായ സ്ഥലത്ത് ജൈവവൈവിധ്യ പാർക്ക് നിർമ്മിക്കൽ | ഫെബ്രുവരി - ജൂലൈ | എസ് ആർ ജി<br>എസ് എസ് ജി | 20000 |
| 28 | പ്രകൃതിയിലെ ഔഷധസസ്യങ്ങളെ അടുത്ത് അറിയാൻ പ്രായോജനപ്പെടുത്താൻ (ഹ്രസ്വകാലം) | സ്കൂളിൽ സൗകര്യപ്രദമായ സ്ഥലത്ത് അടുക്കളത്തോട്ടം നിർമ്മിക്കൽ | ജൂൺ - ജൂലൈ | എസ് ആർ ജി<br>എസ് എസ് ജി | 5000 |

| | | | | | |
|---|---|---|---|---|---|
| **29** | **പരിസ്ഥിതി സൗഹൃദപരമായ വിദ്യാലയ അന്തരീക്ഷവും പ്ലാസ്റ്റിക് വിമുക്ത വിദ്യാലയവും എന്ന കാഴ്ചപ്പാട് യാഥാർത്ഥ്യമാക്കുന്നതിന് (ഹ്രസ്വകാലം)** | **-പരിസ്ഥിതി ബോധവൽക്കരണ ക്ലാസുകൾ<br>-പിറന്നാൾ സമ്മാനമായി<br>-ബുക്കുകൾ<br>-സ്കൂൾ പരിപാടികൾ പൂർണമായി പ്ലാസ്റ്റിക് വിമുക്തമാക്കൽ** | **ജൂൺ - മാർച്ച്** | **എസ് ആർ ജി<br>എസ്<br>എസ് ജി<br>പരിസ്ഥിതി ക്ലബ്** | **5000** |

# ഉപസംഹാരം

ഭൂമിശാസ്ത്രപരമായും സാമൂഹികപരമായും ഒരുപാട് പ്രത്യേകതകൾ ഉള്ള ഒരു ഗ്രാമത്തിലാണ് സ്കൂൾ സ്ഥിതി ചെയ്യുന്നത്. മുഖ്യധാരയിലേക്ക് വരാൻ പ്രതിബന്ധങ്ങൾ ഏറെയുള്ള ഒരു ഉൾനാടൻ ഗ്രാമപ്രദേശം. സാമൂഹ്യ മാറ്റങ്ങൾ ഉൾക്കൊള്ളാനും ഏറ്റെടുക്കാനും മടിച്ചു നിൽക്കുന്ന ഒരു ഗ്രാമീണ ജനതയെ വിദ്യാഭ്യാസപരമായി കൈപിടിച്ചുയർത്താൻ നിർണായക പങ്കു വഹിച്ചുകൊണ്ടിരിക്കുന്ന സ്ഥാപനമാണ് കന്തൽ എ എൽ പി സ്കൂൾ. പൊതുജനങ്ങളുടെയും, പിടിഎയുടെയും, രാഷ്ട്രീയ സാംസ്കാരിക പ്രമുഖരുടെയും ഇടപെടലുകളും ഒത്തൊരുമയോടുള്ള പ്രവർത്തനവും ഇനിയും മുന്നേറാനുണ്ട് . ഗതാഗതസൗകര്യം പോലും ഇല്ലാതിരുന്ന ഒരുകാലത്ത് 1947 ൽ ഈ കുഗ്രാമത്തിൽ ഈ കുന്നിൻ ചെരുവിലേക്ക് ഓലയും മുളയും ചുമന്നുകൊണ്ടുവന്ന് ഷെഡ് നിർമ്മിച്ച് സ്കൂൾ പ്രവർത്തനം ആരംഭിച്ചത് തന്നെ വിദ്യയോടുള്ള പഴയ തലമുറയുടെ ഇച്ഛാശക്തി  പ്രകടമാക്കുന്നു. ഇന്നത്തെ തലമുറയും ഇതേ വികാരത്തോടെ ഒറ്റക്കെട്ടായി  ഈ നാടിന്റെ പൊതുസ്വത്തായ നമ്മുടെ പൊതു വിദ്യാലയത്തെ നെഞ്ചോട് ചേർത്ത് പിടിക്കാൻ തയ്യാറായാൽ പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ഈ സ്കൂളിനെ മികവിന്റെ കേന്ദ്രമാക്കി ഇനിയും ഉയർത്തി ഉന്നത നിലവാരത്തിൽ എത്തിക്കാൻ സാധിക്കും എന്ന കാര്യത്തിൽ സംശയമില്ല.